**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 151** **27-06-2022 - ൽ മറുപടിയ്ക്ക്**

**ആർ.ബി.എസ്.കെ. സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 18 വയസ്സുവരെയുള്ള കുട്ടികൾക്ക് ആർ.ബി.എസ്.കെ. സ്കീം വഴി സൗജന്യ ചികിത്സ നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | 18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രധാനപ്പെട്ട 30 അസുഖങ്ങളുടെ കണ്ടെത്തലും തുടർന്ന് ശസ്ത്രക്രിയ ഉൾപ്പടെയുള്ള വിവിധ ചികിത്സകളും, മറ്റ് സേവനങ്ങളും ദേശീയതലത്തിൽ രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം എന്ന പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു. സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികൾ വഴിയും, പ്രത്യേക ചികിത്സകൾ ലഭ്യമാക്കുന്നതിനായി എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾ വഴിയും ഇത്തരത്തിൽ കുട്ടികൾക്ക് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വലിയ ചെലവേറിയ വിവിധങ്ങളായ ചികിത്സാസേവനങ്ങൾ ആർ ബി എസ് കെ പദ്ധതിയുടെ മോഡൽ കോസ്റ്റിംഗ് പ്രകാരം തെരഞ്ഞെടുത്ത ലിസ്റ്റ് ചെയ്തിട്ടുള്ള 30 രോഗങ്ങൾക്ക് സൗജന്യമായി നൽകിവരുന്നുണ്ട്. |
| (ബി) | ജനിതക രോഗ വിഭാഗത്തിൽപ്പെട്ട ബാർഡെ ബീഡൽ സിൻഡ്രോം ബാധിച്ച 18 വയസ്സ് തികയാത്ത കുട്ടിക്ക് ആവശ്യമായ ടെസ്റ്റുകൾ ആർ.ബി.എസ്.കെ. സ്കീം വഴി സൗജന്യമായി ചെയ്യുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ; | (ബി) | ജനിതക രോഗ വിഭാഗത്തിൽപ്പെട്ട ബാർഡെ ബീഡൽ സിൻഡ്രോം ബാധിച്ച 18 വയസ്സ് തികയാത്ത കുട്ടിക്ക് ആവശ്യമായ ടെസ്റ്റുകൾ ആർ.ബി.എസ്.കെ. സ്കീം വഴി നൽകുന്നില്ല. ആർ ബി എസ് കെ പദ്ധതിയുടെ മോഡൽ കോസ്റ്റിംഗ് പ്രകാരം തെരഞ്ഞെടുത്ത ലിസ്റ്റ് ചെയ്തിട്ടുള്ള 30 രോഗങ്ങൾക്ക് വേണ്ടിയുള്ള ചികിത്സകൾ മാത്രമാണ് ഈ പദ്ധതി പ്രകാരം സൗജന്യമായി നൽകുന്നത്. ജനിതക രോഗ വിഭാഗത്തിൽപ്പെട്ട ബാർഡെ ബീഡൽ സിൻഡ്രോം തെരഞ്ഞെടുത്ത 30 അസുഖങ്ങളിൽ ഉൾപ്പെടുന്നില്ല. |
| (സി) | ഈ ടെസ്റ്റ് ആർ.ബി.എസ്.കെ. സ്കീം വഴി സൗജന്യമായി നൽകുവാൻ നടപടി സ്വീകരിക്കുമോ; | (സി) | നിലവിലെ ദേശീയ മാനദണ്ഡങ്ങൾ അനുസരിച്ച് ആർ.ബി.എസ്.കെ. സ്കീം വഴി ഈ ടെസ്റ്റുകൾ സൗജന്യമായി നൽകുവാൻ കഴിയില്ല |
| (ഡി) | ജനിതക രോഗവുമായി ബന്ധപ്പെട്ട് ഒ.പി.യിലും | (ഡി) | ആർ ബി എസ് കെ പദ്ധതിയുടെ മോഡൽ |

| | | | |
|---|---|---|---|
| | ഐ.പി.യിലും എത്തുന്ന കുട്ടികളുടെ എല്ലാ ചികിത്സയും ആർ.ബി.എസ്.കെ സ്കീം വഴി സൗജന്യമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | | കോസ്റ്റിംഗ് പ്രകാരം തെരഞ്ഞെടുത്ത ലിസ്റ്റ് ചെയ്തിട്ടുള്ള30 രോഗങ്ങൾക്ക് വേണ്ടിയുള്ള ചികിത്സകൾ മാത്രമാണ് ഈ പദ്ധതി പ്രകാരം സൗജന്യമായി നൽകുന്നത്. ജനിതക രോഗങ്ങൾ ആർ ബി എസ് കെ പദ്ധതി പ്രകാരം മോഡൽ കോസ്റ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ സൗജന്യ ചികിത്സ നല്കാൻ നിലവിലെ മാർഗനിർദേശങ്ങൾ അനുസരിച്ച് സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ